ഫയൽ നം : സി1/80/റ്റിസി/2021 തിയതി : 13/04/2021

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്,
വഴുതക്കാട്, തൈക്കാട് പി.ഒ, തിരുവനന്തപുരം – 695 014

ഇ–മെയിൽ: tcoffice.mvd@kerala.gov.in|വെബ്: www.mvd.kerala.gov.in|☎ 0471–2333317

## സർക്കുലർ നമ്പർ 8/2021

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** – പുതിയ വാഹനങ്ങൾ രജിസ്ട്രേഷന് വേണ്ടി പരിശോധനയ്ക്കായി ഹാജരാക്കേണ്ടതില്ല എന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ നൽകുന്നത് – സംബന്ധിച്ച്

സൂചന :- കേന്ദ്ര സർക്കാരിന്റെ 31.03.2021–ലെ GSR No 240 (E) നമ്പർ ഉത്തരവ്.

സൂചന പ്രകാരമുള്ള കേന്ദ്ര സർക്കാർ ഉത്തരവ് അനുസരിച്ച്, പൂർണ്ണമായും ഫാക്ടറി നിർമ്മിത ബോഡിയോടു കൂടിയ (Fully Built Body) പുതിയ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് വാഹന പരിശോധന ഒഴിവാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(i) വാഹനം വാങ്ങുന്ന വ്യക്തികൾക്ക് ഇഷ്ടപ്പെട്ട നമ്പർ റിസർവ് ചെയ്യുന്നതിന് ആഗ്രഹമുള്ള പക്ഷം ആയതിന് ഒരു താല്പര്യപത്രം അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതും ആ വിവരം ബന്ധപ്പെട്ട ഡീലർ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തേണ്ടതുമാണ്. ഫാൻസി നമ്പർ റിസർവ്വേഷനുമായി ബന്ധപ്പെട്ട കേരള മോട്ടോർ വാഹന ചട്ടം 95 ലും നിലവിലുള്ള software ലും ആവശ്യമായ മാറ്റങ്ങൾ വരുന്നതുവരെ ഇത്തരം വാഹനങ്ങൾക്ക് താൽക്കാലിക രജിസ്ട്രേഷൻ അനുവദിക്കുന്നതാണ്. എന്നാൽ ഈ താൽക്കാലിക രജിസ്ട്രേഷന്റെ അടിസ്ഥാനത്തിൽ ഷോറൂമിൽ നിന്നും വാഹനം വാങ്ങിയ വ്യക്തിയ്ക്ക് വിട്ടുകൊടുക്കാൻപാടുള്ളതല്ല.

(ii) ബോഡി നിർമ്മിക്കാതെ ഷാസി മാത്രമായി വാങ്ങുന്ന വാഹനങ്ങൾക്കും അന്യസംസ്ഥനത്തു രജിസ്റ്റർ ചെയ്യാൻ വേണ്ടി വാങ്ങുന്ന വാഹനങ്ങൾക്കും താൽക്കാലിക രജിസ്ട്രേഷൻ അനുവദിക്കുന്നതാണ്. .

(iii) താൽക്കാലിക രജിസ്ട്രേഷൻ ആവശ്യമില്ലാത്ത വാഹനങ്ങളുടെ സ്ഥിര രജിസ്ട്രേഷനുവേണ്ടിയുള്ള അപേക്ഷകൾ വിശദമായ സൂക്ഷ്മ പരിശോധനകൾക്കു ശേഷം മാത്രമേ ഡീലർമാർ Parivahan വഴി upload ചെയ്യുവാൻ പാടുള്ളൂ. ഗുരുതരമായി പിഴവുകൾ ഉള്ള അപേക്ഷകൾ മനഃപൂർവ്വം രജിസ്ട്രേഷനുവേണ്ടി upload ചെയ്യുന്നപക്ഷം കേന്ദ്ര മോട്ടോർ വാഹന നിയമം സെക്ഷൻ 192 B(3) പ്രകാരം പ്രസ്തുത വാഹനത്തിന്റെ 10 വർഷത്തെ നികുതിക്ക് തുല്യമായ തുക പിഴയായി ഡീലറിൽ നിന്നും ഈടാക്കാവുന്നതാണ്.

(iv) സ്ഥിര രജിസ്ട്രേഷനുവേണ്ടി ഡീലർ upload ചെയ്യുന്ന അപേക്ഷകൾ ഉടൻ തന്നെ ബന്ധപ്പെട്ട അസി.മോട്ടോർ വെഹി.ഇൻസ്പെക്ടർക്ക് ലഭ്യമാകുന്നതാണ്. ഓരോ ദിവസവും വൈകുന്നേരം 4 മണിവരെ ലഭിക്കുന്ന അപേക്ഷകൾ അതാത് ദിവസം തന്നെ സൂക്ഷ്മപരിശോധന നടത്തി നമ്പർ അനുവദിക്കേണ്ടതാണ്. ഇതിനായി ഓഫീസ് മേധാവികൾ ആവശ്യാനുസരണം ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തേണ്ടതാണ്.

വ്യക്തമായ കാരണങ്ങൾ ഇല്ലാതെ യാതൊരു കാരണവശാലും അതാതു ദിവസം നമ്പർ അനുവദിക്കാതിരിക്കാൻ പാടില്ലാത്തതാണ്. സൂക്ഷ്മ പരിശോധനയിൽ ഏതെങ്കിലും തരത്തിലുള്ള അപാകതകൾ കണ്ടെത്തുന്നപക്ഷം ആ വിവരം വ്യക്തമായി രേഖപ്പെടുത്തിയ ശേഷം മാത്രമേ നമ്പർ അനുവദിക്കുന്നതിൽ നിന്നും അപേക്ഷകൾ മാറ്റി വയ്ക്കുവാൻ പാടുള്ളൂ.നമ്പർ allot ചെയ്ത ശേഷം ഫയൽ ബന്ധപ്പെട്ട സൂപ്പർവൈസറി ഉദ്യോഗസ്ഥൻ(HA/HC/JS) verify ചെയ്ത ശേഷം registering authority രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഇഷ്യു ചെയ്യേണ്ടതാണ്.

(v) മറ്റു സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്യുന്നതിനായുള്ള വാഹനങ്ങളുടെയും ബോഡി നിർമ്മിക്കേണ്ടതായ ഷാസികളുടെയും താൽക്കാലിക രജിസ്ട്രേഷനുള്ള അപേക്ഷകൾ നിലവിലുള്ള രീതിയിൽ അതാതു ദിവസം തന്നെ അപ്രൂവ് ചെയ്യേണ്ടതാണ്. താൽക്കാലിക രജിസ്ട്രേഷന്റെ കാലാവധി 6 മാസമായിരിക്കും.

(vi) നമ്പർ റിസർവ് ചെയ്യുന്നതിനായി താൽക്കാലിക രജിസ്ട്രേഷൻ നേടിയിട്ടുള്ള വാഹനങ്ങൾക്ക് നമ്പർ അനുവദിച്ചാൽ ഉടൻ തന്നെ പ്രസ്തുത അപേക്ഷകൾ ബന്ധപ്പെട്ട AMVI യ്ക്ക് ലഭ്യമാക്കേണ്ടതാണ്. അവയ്ക്ക് അതാതു ദിവസം തന്നെ ഖണ്ഡിക (iv) ൽ പറയുന്ന നിർദ്ദേശപ്രകാരം നമ്പർ allot ചെയ്യേണ്ടതാണ്.

(vii) നമ്പർ റിസർവേഷനു വേണ്ടി താൽക്കാലിക രജിസ്ട്രേഷൻ നേടുകയും എന്നാൽ നമ്പർ ലേലത്തിൽ പരാജയപ്പെടുകയും ചെയ്യുന്ന പക്ഷം മറ്റൊരു നമ്പർ റിസർവ് ചെയ്യാൻ താൽപര്യമില്ലെങ്കിൽ ആ വിവരം രേഖാമൂലം ഓഫീസ് മേധാവിയെ അറിയിക്കേണ്ടതാണ്. അവയ്ക്ക് സാധാരണ ക്രമത്തിൽ നമ്പർ ലഭ്യമാക്കാവുന്നതാണ്. നമ്പർ അനുവദിച്ചു കഴിഞ്ഞാൽ നിലവിലുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് തയ്യാറാക്കി വാഹന ഉടമയ്ക്ക് തപാൽ മാർഗം അയച്ചുകൊടുക്കേണ്ടതാണ്.

(viii) രജിസ്ട്രേഷൻ നടപടിക്രമങ്ങൾ പൂർത്തിയാക്കി നമ്പർ അനുവദിച്ച എല്ലാ വാഹനങ്ങളും HSRP(High Security Registration Plate) ഘടിപ്പിച്ച് ആയതിന്റെ വിവരങ്ങൾ ഡീലർമാർ Vahan ൽ upload ചെയ്ത ശേഷം മാത്രമേ ഷോറൂമുകളിൽ നിന്നും വാഹന ഉടമകൾക്ക് വിട്ടുകൊടുക്കുവാൻ പാടുള്ളൂ. ഇതിൽ വീഴ്ച വരുത്തുന്ന ഡീലർമാരിൽ നിന്നും, ഖണ്ഡിക (iii) ൽ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം പിഴ ഈടാക്കുന്നതാണ്. എന്നാൽ അന്യസംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുന്നതിനായി വാങ്ങിയിട്ടുള്ളതും ഷാസി മാത്രമായിട്ടുള്ളതുമായ വാഹനങ്ങൾ താൽക്കാലിക രജിസ്ട്രേഷൻ നമ്പർ ലഭ്യമാക്കിയ ശേഷം HSRP ഇല്ലാതെ തന്നെ ഉടമയ്ക്ക് വിട്ടുകൊടുക്കാവുന്നതാണ്.എന്നാൽ ഇത്തരം വാഹനങ്ങളിൽ താൽക്കാലിക രജിസ്ട്രേഷൻ നമ്പർ കേന്ദ്ര മോട്ടോർ വാഹന ചട്ടം 53 C പ്രകാരം നിർദ്ദിഷ്ട മാതൃകയിൽ മുന്നിലും പിറകിലുമായി എഴുതി പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്

(ix) പൂർണ്ണമായും ഫാക്ടറി നിർമ്മിത ബോഡിയോടു കൂടിയ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ Vehicle Location Tracking Device (VLTD), നമ്പർ അനുവദിക്കുന്നതിനു മുമ്പായി Suraksha Mithra- യിൽ കൂടി പരിശോധിച്ച് Tagging ചെയ്യേണ്ടതാണ്. In built അല്ലാത്ത Speed Governor –ന്റെ വിവരങ്ങൾ പരിശോധിച്ച് Vahan –ൽ ഡീലർമാർ upload ചെയ്യേണ്ടതാണ്.ഇലക്ട്രോണിക് ഫെയർ മീറ്ററിന്റെ വിവരങ്ങൾ ലീഗൽ മെട്രോളജി വകുപ്പിന്റെ പരിശോധനാ സർട്ടിഫിക്കറ്റ് സഹിതം വാഹനിൽ

ഡീലർമാർ upload ചെയ്യേണ്ടതാണ്.

(x) അതാത് ദിവസത്തെ അപേക്ഷകൾ കർശനമായും മുൻഗണനാ ക്രമത്തിൽ മാത്രമേ പരിഗണിക്കുവാൻ പാടുള്ളൂ. ആദ്യം ലഭിക്കുന്ന അപേക്ഷയിൽ തീരുമാനം എടുത്തതിനു ശേഷം മാത്രമേ അടുത്തത് പരിഗണിക്കാവൂ. മുൻഗണനാക്രമം ലംഘിച്ചതായി കണ്ടെത്തുന്ന പക്ഷം ആയതിന്റെ ഉത്തരവാദിത്തം അതാത് പരിശോധനാ ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമായിരിക്കും.

ഈ സംവിധാനം 15 / 04 / 2021 മുതൽ നടപ്പിലാക്കേണ്ടതാണ്

Digitally signed by M R AJITHKUMAR IPS
Date:Tue Apr 13 13:01:21 IST 2021
Reason: Approved

M R Ajithkumar Ips
Transport Commissioner